## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6143 — 10-07-2012 - ലെ മറുപടിയ്ക്ക്

### രാസവളങ്ങളുടെയും കീടനാശിനികളുടെയും ഗുണമേന്മ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വിപണിയിൽ നിലവാരമില്ലാത്ത രാസവസ്തുക്കളും നിരോധിത കീടനാശിനികളും വ്യാപകമായി വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ കീഴിൽ രാസവസ്തുക്കളുടെയും കീടനാശിനികളുടെയും ഗുണമേന്മയും വിഷാംശവും പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; | (ബി) പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തുമായി രാസവളങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി രണ്ടു ലാബുകൾ പ്രവർത്തിച്ചുവരുന്നു.<br>കീടനാശിനികളുടെ ഗുണനിലവാര നിർണ്ണയത്തിനായി തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്ത് ഒരു ലാബ് പ്രവർത്തിച്ചു വരുന്നു. ഈ ലാബുകൾ ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിന്റെയും ഇൻസെക്ടിസൈഡ്സ് ആക്ടിന്റെയും അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. |
| (സി) ക്വാളിറ്റി കൺട്രോൾ സംവിധാനം നവീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (സി) ക്വാളിറ്റി കൺട്രോൾ സംവിധാനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന ലാബുകളുടെ നവീകരണത്തിനും പ്രവർത്തനങ്ങൾക്കുമായി ''മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ടുമെന്റ് ലബോറട്ടറീസ്'' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം ഓരോ ജില്ലകളിൽ നിന്നും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കേണ്ട ടാർജറ്റു നൽകുകയും ഇത് ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരും ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരും കൃത്യമായും നിർവഹിക്കുകയും ചെയ്യുന്നു. പ്രസ്തുത |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് മേലുദ്യോഗസ്ഥൻമാർ മേൽനോട്ടം വഹിക്കുന്നു. ഗുണനിലവാരമില്ലാത്തതായി തെളിയുന്ന കീടനാശിനി/വളം നിർമ്മാതാക്കൾക്കെതിരെ അവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കോഴിക്കോട് ജില്ലയിൽ ക്വാളിറ്റി കൺട്രോൾ സംവിധാനം എവിടെയാണ് പ്രവർത്തിക്കുന്നത്; | (ഡി) | കോഴിക്കോട് ജില്ലയിലുള്ള കൃഷി ഓഫീസർമാർ ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരായും ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായും ക്വാളിറ്റി കൺട്രോൾ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്നു. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ ആന്റ് റ്റി) ഇതിന് മേൽനോട്ടം വഹിക്കുന്നു. കൂടാതെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി ഒരു ക്വാളിറ്റി കൺട്രോൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറും പ്രവർത്തിക്കുന്നു. കോഴിക്കോട് ജില്ലയിൽ ലാബുകൾ ഒന്നും പ്രവർത്തിക്കുന്നില്ല.<br>കോഴിക്കോട് ജില്ലയിലെ വളങ്ങൾ FQCL പട്ടാമ്പിയിലും, കീടനാശിനികൾ SPTL തിരുവനന്തപുരത്തും അയച്ച് പരിശോധന നടത്തി വരുന്നു. |
| (ഇ) | പലചരക്ക്/പച്ചക്കറി മാർക്കറ്റുകളിൽ വില്പനനടത്തുന്ന പഴം പച്ചക്കറി എന്നിവയിൽ തളിച്ചിരിക്കുന്ന കീടനാശിനിയുടെ വിഷാംശം പരിശോധിക്കാനും നടപടി എടുക്കാനും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് അധികാരമുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ